**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 3527**

**ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റശേഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.<br>2) മെഡിക്കൽ ക്യാമ്പ്.<br>3) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യപി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.<br>4) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.<br>5) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.<br>6) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.<br>7) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.<br>8) പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി.<br>9) ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.<br>(ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. **ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.**

ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2-3 സെന്റ് സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപ വീതം ആകെ 100 കോടി രൂപ 2016-17 ൽ നടപ്പിലാക്കിയിരുന്നു. 2017-18 ൽ ടി പദ്ധതി പ്രകാരം 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി 4800 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

2. **മെഡിക്കൽ ക്യാമ്പ്.**

മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർ ചികിൽസ സൗകര്യം ഉറപ്പാക്കുന്ന തരത്തിൽ 50 മെഡിക്കൽ ക്യാമ്പുകൾ 2016-17 വർഷം സംഘടിപ്പിച്ചു. 2017-18 വർഷം 30 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി 45 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

3. **മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.**

മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും കൂടുതൽ പേർക്ക് ഉയർന്ന ജോലികൾ കരസ്ഥമാക്കുന്നതിന് ബാങ്ക് ടെസ്റ്റ്/മെഡിക്കൽ എൻട്രൻസ്/സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനായി 2016-17 ൽ 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2017-18 വർഷത്തിൽ ഇതിനായി 15 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

4. **മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.**

മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് 2017-18 വർഷത്തേയ്ക്ക് 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു കുട്ടിയ്ക്ക് അനുവദിക്കുന്ന പരമാവധി ധനസഹായം 1 ലക്ഷം രൂപയാണ്.

5. **മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.**

2016-17 വർഷത്തിൽ ഈ പദ്ധതിയ്ക്ക് 40 ലക്ഷം രൂപ അനുവദിച്ചു. 2017-18 വർഷത്തേയ്ക്ക് ഈ പദ്ധതി പ്രകാരം തുകയൊന്നും വകയിരുത്തിയിട്ടില്ല.

6. **മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.**

മത്സ്യത്തൊഴിലാളി ഭവനങ്ങളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ 4000 ഭവനങ്ങൾ പുനർ വൈദ്യുതീകരണം നടത്തി. ഒരു ഭവന ത്തിന് 20,000/- രൂപയാണ് ധനസഹായമായി അനുവദിച്ചത്. ഈ പദ്ധതിയ്ക്ക് 2017-18 വർഷത്തേയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

7. **ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.**

ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കുന്നതിന് 200 കെട്ടിട ങ്ങൾ അടങ്ങിയ 25 കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി 20 കോടി ്രൂപയും ഇതിനായി ഒരു ഹെക്ടർ വസ്തു കണ്ടെത്തുന്നതിന് 7 കോടി ്രൂപയും വകയിരുത്തിയിട്ടുണ്ട്.

8. **പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി.**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ ഗ്രാന്റ് പദ്ധതി 2017-18 വർഷത്തിൽ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയ്ക്ക് ഈ വർഷം തുക വകയിരുത്തിയിട്ടില്ല.

9. **ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.**

എല്ലാ മത്സ്യത്തൊഴിലാളികൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് ആർ.എസ്.ബി.വൈ പദ്ധതിയിൽ അംഗമാകാൻ വേണ്ടി വരുന്ന പ്രീമിയം തുക സർക്കാർ വഹിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ